# സഹയാത്രിക
വാർത്താ പത്രിക

മാർച്ച് 2022 | ജ്യോതി ജീവപൂർണ്ണാ ട്രസ്റ്റ് അർച്ചന വിമൻസ് സെന്റർ | VOL 1 ISSUE 5 PAGES 4


## അർച്ചനാസ് റൂറൽ മാർട്ട് കുറുപ്പൻതറയിൽ തുടങ്ങി..



കടുത്തുരുത്തി: അർച്ചന വിമൻസ് സെന്ററിന്റെയും നബാർഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കുറുപ്പൻതറയിൽ അർച്ചനാസ് റൂറൽമാർട്ട് പ്രവർത്തനമാരംഭിച്ചു. കാര്യാവിൽ ബിൽഡിംഗിലാണ് അർച്ചനാസ് റൂറൽമാർട്ടിന്റെ പ്രവർത്തനം. സെന്റർ ഡയറക്ടർ സിസ്റ്റർ ത്രേസ്യാമ്മ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ വ്യാപാരിക്ഷേമനിധിബോർഡ് വൈസ് ചെയർമാൻ ഇ. എസ് ബിജു ഉദ്ഘാടനം നിർവ്വഹിച്ചു. മാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് കോമളവല്ലി രവീന്ദ്രൻ ആദ്യ വില്പന നിർവ്വഹിച്ചു. നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ റെജി വർഗീസ് മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജു കൊണ്ടുകാല, അർച്ചന അസിസ്റ്റന്റ് ഡയറക്ടർ സിസ്റ്റർ ആനി ജോസഫ്, പഞ്ചായത്ത് അംഗങ്ങളായ സുനു ജോർജ്ജ്, ലിസി ജോസ്, സാസി ജോജി, ഷൈനി ജോഷി, ആഷാ ജോസഫ്, പ്രിയ സുബിൻ തുടങ്ങിയവർ പ്രസംഗിച്ചു. മണ്ണാപ്പാറ സെന്റ് സേവ്യേഴ്സ് പള്ളി വികാരി ഫാ. എബ്രാഹം കുപ്പപ്പുഴയ്ക്കൽ വെഞ്ചിരിപ്പ് നിർവ്വഹിച്ചു. നാട്ടിൻപുറങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ വിപണനമാണ് അർച്ചനാസ് റൂറൽമാർട്ടിലൂടെ നടക്കുന്നത്. അരിപ്പൊടി, ഗോതമ്പുപൊടി, മുളകുപൊടി, കാശ്മീരി മുളകുപൊടി, മഞ്ഞൾപൊടി, മല്ലിപ്പൊടി, സാമ്പാർപൊടി, ഇറച്ചിമസാല, ഗരം മസാല തുടങ്ങിയവ അർച്ചനാസ് ബ്രാൻഡിൽ റൂറൽമാർട്ടിൽ ലഭ്യമാണ്. അർച്ചനാസ് ഹോം ഡെലിവറിയും ലഭ്യമാണ്.



## അസംഘടിത തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കണം.. ഫാ. ജേക്കബ് മാവുങ്കൽ

ഏറ്റുമാനൂർ: ഒബ്ളേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ അസംഘടിത തൊഴിലാളികളും രാഷ്ട്രീയ നേതൃത്വവും എന്ന വിഷയത്തെക്കുറിച്ച് ശിൽപശാല സംഘടിപ്പിച്ചു. സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കോട്ടയം സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ റവ.ഫാ. ജേക്കബ് മാവുങ്കൽ ഓറിയന്റേഷൻ സെമിനാർ നടത്തി. അസംഘടിത തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കണമെന്ന് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അസംഘടിത മേഖലയിൽ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന സെൽഫ് എംപ്ലോയിഡ് വിമൻസ് അസോസിയേഷൻ സെക്രട്ടറി ഡോ. സോണിയ ജോർജ്ജ് ശിൽപശാലയ്ക്ക് നേതൃത്വം നൽകി. കടുത്തുരുത്തി പഞ്ചായത്ത് പ്രസിഡന്റ് ഷൈനമ്മ ഷാനു, അസി.ഡയറക്ടർ മിസ്. ആനി ജോസഫ്, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, സെക്രട്ടറി ശ്രുതി സുജേഷ് തുടങ്ങിയവർ പ്രസംഗിച്ചു. ശിൽപശാലയിൽ കോട്ടയം ജില്ലയിലെ വിവിധ ബ്ലോക്ക്, പഞ്ചായത്ത് പ്രതിനിധികൾ പങ്കെടുത്തു. വിദ്യാ സദാനന്ദ്, ജസ്റ്റിൻ പി.തോമസ്, ജോയിസ് മാത്യു, അമല മാത്യു, അശ്വതി വിജയൻ, ജിജി കുര്യാക്കോസ് തുടങ്ങിയവർ നേതൃത്വം കൊടുത്തു.



## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരായി 'ഓറഞ്ച് ദ ക്യാമ്പയിനുമായി' അർച്ചന വിമൻസ് സെന്റർ..

ഏറ്റുമാനൂർ: സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ, 'ലോകത്തെ ഓറഞ്ചണിയിക്കൂ.. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഈ നിമിഷം അവസാനിപ്പിക്കൂ' എന്ന മുദ്രാവാക്യവുമായി അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ ഓറഞ്ച് ദ ക്യാമ്പയിന് തുടക്കം കുറിച്ചു. അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ച യോഗം അതിരമ്പുഴ ഡിവിഷൻ - ജില്ലാ പഞ്ചായത്ത് മെമ്പർ ഡോ. റോസമ്മ സോണി ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ കഴിവും ആർജ്ജവവും ഉള്ളവരാണ്. സമൂഹത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ സ്ത്രീകൾക്ക് സാധിക്കും. അതിക്രമങ്ങൾക്കെതിരെ ക്രിയാത്മകമായി പ്രവർത്തിക്കാൻ സ്ത്രീകൾ സജ്ജരാകണമെന്ന് ആഹ്വാനം ചെയ്തു. അഡ്വ. സിസ്റ്റർ റെജി അഗസ്റ്റിന്റെ നേതൃത്വത്തിൽ ജാഗ്രതൈ സെമിനാർ നടത്തപ്പെട്ടു. സ്ത്രീ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ, റോൾ പ്ലേകൾ എന്നിവയിലൂടെ ബോധവൽക്കരണം നടത്തി. അർച്ചന വിമൻസ് സെന്റർ അസി. ഡയറക്ടർ മിസ്. ആനി ജോസഫ്, പ്രോഗ്രാം മാനേജർ പോൾസൺ കൊട്ടാരത്തിൽ, ടെക്നിക്കൽ മാനേജർ ജയശ്രീ പി.കെ, എൻ. എച്ച്. ആർ. എഫ് വിമൻ ലീഡർ സി.ജി അനിതമോൾ, കമ്മ്യൂണിറ്റി ഓർഡനൈസർമാരായ അമല മാത്യു, ഷീലാ കെ. എസ്, ജസ്റ്റിൻ പി. തോമസ്, റോസ് മരിയ സിറിയക്, ജെസി ജയിൻ തുടങ്ങിയവർ സംസാരിച്ചു.

## കുടുംബ ബന്ധങ്ങളുടെ ഊഷ്മളത സ്ത്രീ പുരുഷ ബന്ധങ്ങളുടെ തുല്യതയ്ക്ക്




**മിസ് ത്രേസ്യാമ്മ മാത്യു**
ഡയറക്ടർ അർച്ചന വിമൻസ് സെൻറർ


പ്രിയ അർച്ചനാ കുടുംബാംഗങ്ങളേ,

2022-ാമാണ്ട് തുടങ്ങിയിട്ട് 2 മാസം ആയിക്കൊണ്ടിരിക്കുന്നു. പുത്തൻസ്വപ്നങ്ങളോടും, പുതു തീരുമാനങ്ങളോടും കൂടി നാമെല്ലാവരും ഈ പുതുവർഷത്തെ വരവേറ്റു. ഇത്രയും ദിവസങ്ങൾ കൊണ്ട് നമ്മുടെ ജീവിതത്തിൽ എന്തു മാറ്റങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞു എന്ന് വിലയിരുത്തുന്നത് നന്നായിരിക്കും. ആഴ്ച്ച തോറും അർച്ചനയിൽ നിന്നും നടത്തുന്ന വെബിനാറുകൾ നിങ്ങളുടെ അറിവ് വർദ്ധിപ്പിക്കാനും ജീവിതത്തിൽ വിജയികളാകാനുമുള്ള ഉൾപ്രേരണകൾ ജനിപ്പിക്കാനും ഉതകും വിധമായിരുന്നു. ലഭിക്കുന്ന അറിവും പരിജ്ഞാനവും നിശ്ചയദാർഢ്യത്തോടെ സ്വജീവിതത്തിൽ പകർത്താൻ തുടങ്ങണം. പിന്നത്തേയ്ക്ക് മാറ്റി വയ്ക്കാനുള്ള പ്രവണതയെ അപ്പോൾത്തന്നെ തള്ളിക്കളയണം.

കോവിഡ് കാലം നമ്മെ പഠിപ്പിച്ചത് കുടുംബ ബന്ധങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചാണ്. തികച്ചും സുരക്ഷിതമായ ഒരേ ഒരു ഇടം കുടുംബമാണെന്നും, കുടുംബങ്ങൾ തമ്മിൽ ഹൃദ്യതയുണ്ടെങ്കിൽ ഏതു ദുരന്തത്തെയും നേരിടാമെന്നും നാം പഠിച്ചു. കുടുംബാംഗങ്ങൾ തമ്മിലുള്ള ആത്മീയവും മാനസികവുമായ അടുപ്പമാണ് ഏത് സാമൂഹിക അകലത്തെക്കാളും പ്രതിരോധം തീർക്കുന്നതെന്നും നാം മനസിലാക്കി. നല്ല കുടുംബ ബന്ധങ്ങൾ സൃഷ്ടിക്കുകയെന്നത് ഓരോ കുടുംബനാഥയുടേയും നാഥന്റേയും കടമയാണ്.

സന്തോഷം എല്ലാവരും കാംക്ഷിക്കുന്നുണ്ട്. നല്ല ബന്ധങ്ങളില്ലാത്തവർക്ക് സന്തോഷം അനുഭവിക്കാനാവില്ല. മാതാപിതാക്കൾ സന്തോഷം അനുഭവിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നവരാണെങ്കിൽ മക്കളും അങ്ങനെ തന്നെയാകും. മറിച്ച് മാതാപിതാക്കൾ ആകുലചിത്തരും, നിഷേധചിന്തകളുടെ മൊത്തവിതരണക്കാരുമായാൽ മക്കളും ഏതാണ്ട് അങ്ങനെയൊക്കെത്തന്നെ. കൊച്ചു സന്തോഷങ്ങൾ ആസ്വദിച്ച് ജീവിക്കുവാനുള്ള ഒരു പഠനക്കളരിയാവണം കുടുംബം. പരസ്പരം അഭിനന്ദിക്കുവാൻ മാതാപിതാക്കൾക്ക് കഴിയണം. അതുപോലെ തന്നെ കുട്ടികളുടെ കൊച്ചു കൊച്ചു നേട്ടങ്ങളെയും, പ്രവർത്തനങ്ങളെയും ശ്രദ്ധിച്ച് അംഗീകാരം നൽകുവാനും ഇത് ഒരു ശീലമാക്കിയാൽ ഓരോ ജോലിയും ആസ്വദിച്ച് താല്പര്യപൂർവ്വം ചെയ്യുവാനുള്ള ഒരു പ്രത്യേക ഊർജ്ജം ആ കുടുംബാംഗങ്ങളിൽ നിറഞ്ഞു നിൽക്കും. സ്വാർത്ഥത ത്യജിച്ച് എത്രമാത്രം മറ്റുള്ളവർക്കായി ജീവിക്കുന്നോ അത്രമാത്രം സന്തോഷം നമുക്കനുഭവിക്കാൻ കഴിയും. 'എനിക്ക് സ്നേഹം വേണം, സന്തോഷം വേണം' എന്നു ചിന്തിച്ച് പെരുമാറിയാൽ പലപ്പോഴും അത് കിട്ടിയെന്നു വരില്ല. മറിച്ച്, എങ്ങനെ സ്നേഹം കൊടുക്കാം, എങ്ങനെ സന്തോഷം നിറയ്ക്കാം എന്ന് അന്വേഷിച്ച് പ്രവർത്തിച്ചാൽ നാം നമുക്കും മറ്റുള്ളവർക്കും ഇവ അനുഭവവേദ്യമാക്കും. നാം എവിടെ കയറിച്ചെന്നാലും അവിടെ പുഞ്ചിരിയുടെ പൂത്തിരി കത്തിക്കാനാവും.

'സന്തുഷ്ട ജീവിതത്തിന് പഞ്ചശീലം' എന്നു നിങ്ങൾ കേട്ടിട്ടുണ്ടോ? ഒന്നാമതായി ഉണ്ടായിരിക്കേണ്ട - ആർജ്ജിക്കേണ്ട ഒരു സ്വ-ഭാവം ആണ്, നാം ഈശ്വര ചൈതന്യത്തിലാണ് ജീവിക്കുന്നത് എന്ന അവബോധം. ഉണരുമ്പോൾ തന്നെ ഇന്നത്തെ പുലരിക്കു വേണ്ടി, പുതുദിനത്തിനു വേണ്ടി ഈശ്വരനോട് നന്ദി പറഞ്ഞ് ദൈവകരങ്ങളിൽ നിന്നും സന്തോഷത്തോടെ ഈ ദിവസത്തെ ഏറ്റുവാങ്ങി, നെഞ്ചോടു ചേർത്ത്, സ്വന്തമാക്കുക - ഈ ദിവസത്തെ സ്നേഹിക്കുക. അതിൽ ദൈവം നിങ്ങൾക്കായി കരുതിയിരിക്കുന്ന എല്ലാ സന്തോഷങ്ങളെയും, അത്ഭുതകരമായ സാന്നിദ്ധ്യത്തെയും നിറമനസോടെ, തൊഴുകൈകളോടെ സ്വീകരിക്കുക. ആ ദിവസം മുഴുവൻ നിങ്ങളെ ഊർജ്ജസ്വലമാക്കാൻ, പ്രതികൂല സാഹചര്യങ്ങളെയും അനുകൂലമാക്കി നിങ്ങളുടെ സന്തോഷം നിലനിർത്താൻ ഈ ഒരു 'സൂത്രം' മാത്രം മതി. നിങ്ങളുടെ ഓരോ ദിനവും സന്തോഷഭരിതമാകട്ടെ.

ഇതാ, വനിതാ ദിനം, വാതിൽക്കൽ വന്നു നിൽക്കുന്നു. ഒരു സ്ത്രീ ആയിരിക്കുന്നതിൽ നിങ്ങളുടെ അഭിമാനവും, അംഗീകാരവും ഊട്ടി ഉറപ്പിക്കാനുള്ള ഒരു ദിനം. ഇത്രകാലം അർച്ചനയോട് ചേർന്ന് വളർന്നതിന്റെ ഉൾപുളകം പങ്കുവയ്ക്കുവാനും, നിങ്ങളുടെ വ്യക്തിഗത കഴിവുകൾ പ്രകടിപ്പിക്കാനും, സാഹോദര്യം പങ്കുവയ്ക്കുവാനും, സ്ത്രീ-പുരുഷ തുല്യതയിലേയ്ക്ക് ഇനിയും ഒരുപാട് കാതം നടക്കാനുണ്ടെന്ന് തിരിച്ചറിയാനുമുള്ള ഒരു ദിവസം. നമുക്ക് ഒത്തുചേരാം, സന്തോഷിക്കാം, ഉറച്ച തീരുമാനത്തോടെ, തുല്യപദവിയിലേയ്ക്ക് നമ്മുടെ ആൺ - പെൺ കുഞ്ഞുങ്ങളെ കൈപിടിച്ച് നടത്താം.

സഹയാത്രിക
വാർത്താപത്രിക

# വാഗമൺ റൂറൽമാർട്ട്, റീജിയണൽ ഓഫീസ് വാഗമണ്ണിൽ തുടക്കം



ഏറ്റുമാനൂർ: ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ ജ്യോതി ജീവപൂർണ്ണട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ റീജിയൺ ഓഫീസിനും റൂറൽമാർട്ടിനും വാഗമണ്ണിൽ തുടക്കം കുറിച്ചു. അർച്ചന വിമൻസ് സെന്റർ അസി. ഡയറക്ടർ ആനി ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.റ്റി ബിനു ഉദ്ഘാടനം നിർവ്വഹിച്ചു. ഹയർസെക്കണ്ടറിസ്കൂൾ പി.ടി.എ പ്രസിഡന്റ് സജീവ് കുമാർ, മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുധാകരൻ എൻ നീലാമ്പരൻ, എൻ. എം കുശൻ, അർച്ചന ജീവൻ സമൃദ്ധി കോ- ഓർഡിനേറ്റർ മിസ് മറിയാമ്മ ജോസഫ്, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, റീജിയൺ ലീഡർ റ്റീനു ഫ്രാൻസിസ്, കമ്മ്യൂണിറ്റി ഓർഗനൈസർമ്മാരായ ജെസി ജെയ്, ഷീലാ കെ.എസ്, അമല മാത്യു, ജോയിസ് മാത്യു, അശ്വതി വിജയൻ, ബൈജുമോൾ, നിഷാമോൾ അനീഷ്, കവിതാ രാജീവ് ലാൽ തുടങ്ങിയവർ പ്രസംഗിച്ചു.

## ബ്ലൗസ് കട്ടിംഗ് പരിശീലനം

ഏറ്റുമാനൂർ: ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ, കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പ് ഏറ്റുമാനൂർ റീജിയൺ കടപ്ലാമറ്റം, കുറവിലങ്ങാട് യൂണിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ ബ്ലൗസ് കട്ടിംഗ് പരിശീലനം നടത്തി. പരിശീലനത്തിൽ 7 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഓഫീസർ ലിസി ബെന്നി, ആനിമേറ്റർ ലീനാ സോമി എന്നിവർ നേതൃത്വം കൊടുത്തു.

## നേതൃത്വ ശില്പശാല നടത്തി

ഏറ്റുമാനൂർ: ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പിലെ ലീഡേഴ്സിനായി നേതൃത്വ ശില്പശാല നടത്തി. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആര്യ രാജൻ ഉദ്ഘാടനം ചെയ്തു. സെൻട്രൽ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ചു. കരിയർ ഗൈഡൻസ് മെന്ററും ട്രെയിനറുമായ ഡോ. ഐസക് തോമസ് ശിൽപശാലയ്ക്ക് നേതൃത്വം നൽകി. അസി.ഡയറക്ടർ മിസ് ആനി ജോസഫ്, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, ക്ലസ്റ്റർ കോർഡിനേറ്റർ ജസ്റ്റിൽ പി.തോമസ്, കമ്മ്യൂണിറ്റി ഓർഗനൈസർ ഷീലാ കെ.എസ്, അശ്വതി വിജയൻ, ജ്യോതിമോൾ റ്റി.എസ് തുടങ്ങിയവർ സംസാരിച്ചു. ശ്രുതി സുജേഷ്, ജിജി കുര്യാക്കോസ്, സാലി ജോർജ്, ഗിരിജ കെ.ആർ, ലിസി ബെന്നി, ലീനാ സോമി, സ്മിത ജി നായർ തുടങ്ങിയവർ നേതൃത്വം കൊടുത്തു.



## വനിതകൾക്ക് കരാട്ടെ പരിശീലനം ഒരുക്കി അർച്ചനവിമൻസ് സെന്റർ

കടുത്തുരുത്തി: പരമ്പരാഗതമല്ലാത്ത തൊഴിൽ മേഖലകളിൽ സ്ത്രീകളെ പരിശീലിപ്പിക്കുന്നതോടൊപ്പം സ്വയം പ്രതിരോധത്തിനുള്ള പ്രാവിണ്യവും അവർക്ക് കരഗതമാക്കി നൽകുകയാണ് അർച്ചന വിമൻസ് സെന്റർ. ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹിക സേവന വിഭാഗമായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്റർ ദേശീയ കാർഷിക ഗ്രാമീണ വികസന ബാങ്കിന്റെ (നബാർഡ്) സാമ്പത്തിക പിന്തുണയോടെ നടപ്പിലാക്കുന്ന വനിത ടാക്സി ഡ്രൈവിംഗ് പരിശീലന പരിപാടിയുടെ ഭാഗമായാണ് പത്ത് ദിവസം നീണ്ടു നിന്ന കരാട്ടെ പരിശീലനം സംഘടിപ്പിച്ചത്. ദീർഘദൂര യാത്രകൾക്കും രാത്രികാലങ്ങളിലും വനിത ഡ്രൈവർമ്മാർക്ക് സാമൂഹ്യ വിരുദ്ധരിൽ നിന്നും സ്വയം പ്രതിരോധം നേടാനും അക്രമങ്ങളിൽ നിന്നും രക്ഷ നേടാനും ഈ പരിശീലനം സഹായകമാകുമെന്ന് സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു പറഞ്ഞു. സെന്റർ അസി. ഡയറക്ടർ മിസ്. ആനി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഏഷ്യൻ കരാട്ടെ ഫെഡറേഷൻ ജഡ്ജും ഇന്ത്യൻ കരാട്ടെ ഫെഡറേഷൻ കേരള സ്റ്റേറ്റ് ചീഫും റഫറി കമ്മീഷൻ ചെയർമാനുമായ സെൻസായി വിനോദ് മാത്യു വയലയുടെ ശിഷ്യത്വത്തിലാണ് വനിതകൾ പരിശീലനം പൂർത്തിയാക്കിയത്. പരിശീലനത്തിന് അർച്ചന വിമൻസ് സെന്റർ പ്രോഗ്രാം ഓഫീസർ അജീഷ ഷിബു, അസി. കമ്മ്യൂണിറ്റി ഓർഗനൈസർ അശ്വതി വിജയൻ, വിമൻ വർക്കർ ലീഡർ സി.ജി അനിതാമോൾ, ജെയ്നമ്മ മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

## സ്ത്രീകളുടെ അവകാശം മനുഷ്യാവകാശം

ഏറ്റുമാനൂർ: ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹ്യ ക്ഷേമ വിഭാഗമായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ മനുഷ്യാവകാശ ദിനാചരണം സംഘടിപ്പിച്ചു. സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഏറ്റുമാനൂർ സി.ഐ സി.ആർ രാജേഷ് കുമാർ ഉദ്ഘാടനം ചെയ്യുകയും സ്ത്രീക്കും പുരുഷനും ജന്മസിദ്ധമായി ലഭിക്കുന്ന അവകാശമാണ് മനുഷ്യാവകാശമെന്ന് സംസാരിക്കുകയും ചെയ്തു. സെന്റർ അസി.ഡയറക്ടർ ആനി ജോസഫ്, ടെക്നിക്കൽ മാനേജർ പി.കെ ജയശ്രീ പി.കെ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, എസ്.പി.സി ലീഗൽ അഡ്വൈസർ അഡ്വ. ജെസിമോൾ ജോസഫ്, അഡ്വ. സി.റെജി അഗസ്റ്റിൻ, ഓഫീസ് സെക്രട്ടറി ശ്രുതി സുജേഷ്, പോൾസൺ കൊട്ടാരത്തിൽ, ജസ്റ്റിൻ പി തോമസ്, ഷീലാ കെ.എസ്, അമല മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. ദിനാചരണത്തിന്റെ ഭാഗമായി സെമിനാർ, ഡിബേറ്റ്, കവിതാ മത്സരം, തെരുവ് നാടകം എന്നിവ സംഘടിപ്പിച്ചു.



## ഗേൾസ് ചൈൽഡ് ഡേദിനാചരണം

ഏറ്റുമാനൂർ: അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ, ഗേൾസ് ചൈൽഡ് ഡേ ദിനാചരണത്തിന്റെ ഭാഗമായി കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ് നടത്തി. അർച്ചന വിമൻസ് സെന്റർ സീനിയർ പ്രോഗ്രാം ഓഫീസർ ശ്രീമതി ഷൈനി ജോഷിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ ബിനോ സക്കറിയ ഉദ്ഘാടനം ചെയ്തു. സാലിമോൾ ജോസഫ് സാഗതം ആശംസിച്ചു. ആക്ടീവ് മൈൻഡ് ക്ലിനിക് ഡയറക്ടർ ശ്രീ ദിലീപ് കൈതയ്ക്കൽ ക്ലാസ് നയിച്ചു. ആർച്ച്ഫെഡ് റീജിയൺ ലീഡർ സിമി ജോൺ കൃതജ്ഞത അറിയിച്ചു. 30 ഓളം കുട്ടികൾ ക്ലാസിൽ പങ്കെടുത്തു.

## മെഴുകുതിരി നിർമ്മാണ പരിശീലനം

വാഗമൺ: അർച്ചന വിമൻസ് സെന്റർ ഇടുക്കി റീജിയണിന്റെ നേതൃത്വത്തിൽ വാഗമൺ യൂണിറ്റ് ഓഫീസിൽ മെഴുകുതിരി നിർമ്മാണ പരിശീലനം നടത്തപ്പെട്ടു. സ്ത്രീകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് മെഴുകുതിരി നിർമ്മാണ പരിശീലനം നൽകിയത്. ഏലപ്പാറ ആനിമേറ്റർ ശ്രീമതി ബൈജുമോൾ പി.എസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശ്രീമതി ഷൈനി ജോഷി മുഖ്യപ്രഭാഷണം നടത്തി. നിമിഷ ഭവൻ, പങ്കജം എം.സി എന്നിവരാണ് പരിശീലനത്തിന് നേതൃത്വം കൊടുത്തത്. വിവിധ സി.എ.ജി ഗ്രൂപ്പുകളിൽ നിന്നുള്ള 14 അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു. കമ്മ്യൂണിറ്റി ഓർഗനൈസർ ജെസി ജെയ് എല്ലാവർക്കും നന്ദി പറഞ്ഞു.

## ജപമാല നിർമ്മാണത്തിനുള്ള പരിശീലനം



വാഗമൺ: അർച്ചന വിമൻസ് സെന്റർ ഇടുക്കി റീജിയണിന്റെ നേതൃത്വത്തിൽ വാഗമൺ യൂണിറ്റ് ഓഫീസിൽ മെഴുകുതിരി നിർമ്മാണ പരിശീലനം നടത്തപ്പെട്ടു. സ്ത്രീകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് മെഴുകുതിരി നിർമ്മാണ പരിശീലനം നൽകിയത്. ഏലപ്പാറ ആനിമേറ്റർ ശ്രീമതി ബൈജുമോൾ പി.എസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശ്രീമതി ഷൈനി ജോഷി മുഖ്യപ്രഭാഷണം നടത്തി. നിമിഷ ഭവൻ, പങ്കജം എം.സി എന്നിവരാണ് പരിശീലനത്തിന് നേതൃത്വം കൊടുത്തത്. വിവിധ സി.എ.ജി ഗ്രൂപ്പുകളിൽ നിന്നുള്ള 14 അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു. കമ്മ്യൂണിറ്റി ഓർഗനൈസർ ജെസി ജെയ് എല്ലാവർക്കും നന്ദി പറഞ്ഞു.

## പൊതിച്ചോർ വിതരണം



ഏറ്റുമാനൂർ: ഒബ്ലേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പ് ഏറ്റുമാനൂർ റീജിയൺ അയർക്കുന്നം യൂണിറ്റിന്റെ കീഴിൽ ഗ്രൂപ്പ് അംഗങ്ങൾ പൊതിച്ചോർ വിതരണം നടത്തി. ആറുമാനൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ആകാശപറവകൾ എന്ന സ്ഥാപനത്തിൽ താമസിക്കുന്ന അനാഥരായ 30 ഓളം ആളുകൾക്ക് ഭക്ഷണം നൽകിയത്. യൂണിറ്റ് ഓഫീസർ ഗീതാ ഉണ്ണികൃഷ്ണൻ പരിപാടിക്ക് നേതൃത്വം കൊടുത്തു

# ഊർജ്ജകിരൺ റാലിയും ശിൽപശാലയും സംഘടിപ്പിച്ചു



ഏറ്റുമാനൂർ: ഒബ്ളേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹ്യ ക്ഷേമ വിഭാഗമായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന എനർജി മാനേജ്മെന്റ് സെന്റർ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സെന്റർ, സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ് എന്നിവയുടെ സഹകരണത്തോടെ ഊർജ്ജ കിരൺ റാലിയും ശിൽപശാലയും സംഘടിപ്പിച്ചു. ഏറ്റുമാനൂർ കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച ശിൽപശാലയുടെ ഉദ്ഘാടനം പൂഞ്ഞാർ എം.എൽ.എ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ നിർവ്വഹിച്ചു. സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ചു. അസി.ഡയറക്ടർ ആനി ജോസഫ്, ടെക്നിക്കൽ മാനേജർ പി.കെ ജയശ്രീ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, അഡ്വ. സി. റെജി അഗസ്റ്റിൻ, എൽദോ യൊഹാൻസ് ജോർജ്ജ്, കമ്മ്യൂണിറ്റി ഓർഗനൈസർമാരായ ഷീല കെ.എസ്, അമല മാത്യു എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഊർജ്ജ സംരംക്ഷണ റാലിയും ഒപ്പു ശേഖരണവും നടത്തി. വിവിധ കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പുകളിൽ നിന്നായി നൂറ്റി അൻപതോളം അംഗങ്ങൾ പങ്കെടുത്തു.

## കോവിഡ് കാലത്തെ രക്തക്ഷാമം പരിഹരിക്കാൻ

# രക്തദാന ക്യാമ്പുകളുമായി അർച്ചന വിമൻസ് സെന്റർ



വാഗമൺ: കോവിഡ് കാലത്ത് രക്തദാതാക്കളെ കിട്ടാനില്ലാതെ രോഗികളും ബന്ധുക്കളും ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ വിവിധ പ്രദേശങ്ങളിലായി സന്നദ്ധ രക്തദാന ക്യാമ്പുകളുമായി ഒബ്ളേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ അർച്ചന വിമൻസ് സെന്റർ. പാലാ ബ്ലഡ് ഫോറവുമായി സഹകരിച്ചാണ് രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നത്. കേരള സ്റ്റേറ്റ് ഏയ്ഡ്സ് കൺട്രോൾ സൊസൈറ്റി, ജില്ല ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിൻ, വാഗമൺ ജനമൈത്രി പോലീസ്, എസ്.എച്ച് മെഡിക്കൽ സെന്റർ എന്നിവരുടെ സഹകരണത്തോടെയാണ് രക്തദാന ക്യാമ്പുകൾ നടത്തുന്നത്. വാഗമൺ അർച്ചന വിമൻസ് സെന്റർ റീജിയണൽ ഓഫീസിൽ വച്ച് അർച്ചന വിമൻസ് സെന്റർ പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് മെമ്പർ പ്രദീപ് കുമാർ രക്തദാന ക്യാമ്പുകളുടെ ഔദ്യോഗിക ഉദ്ഘാടനം നടത്തി. പാലാ ബ്ലഡ് ഫോറം ജനറൽ കൺവീനർ ഷിബു തെക്കേമറ്റം, വാർഡ് മെമ്പർ ഷൈൻ കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ജി. അനിൽ, മുൻ ബ്ലോക്ക് വൈസ് പ്രസിഡന്റ് സുധാകരൻ എൻ നീലാമ്പരൻ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, കമ്മ്യൂണിറ്റി ഓർഗനൈസർമാരായ ജെസി ജെയ്, റോസ് മരിയ സിറിയക് തുടങ്ങിയവർ പ്രസംഗിച്ചു. ലയൺസ് എസ്.എച്ച്.എം.സി ബ്ലഡ് ബാങ്ക് ടീമാണ് ക്യാമ്പ് നയിച്ചത്. ആനിമേറ്റർമാരായ പി.എസ് ബൈജുമോൾ, ബിന്ദു സന്തോഷ്, സജിനി രാജേഷ്, ആൻസി ജോസഫ്, ജിഷാമോൾ, എം. നിഷ, ആഷ പ്രകാശ്, വൈ.എൻ ശോഭന എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെട്ട അൻപതേളം പേർ രക്തദാന ക്യാമ്പിൽ പങ്കാളികളായി. ജില്ലയിലെ വിവിധ പ്രദേശങ്ങളിലായി പത്തോളം ക്യാമ്പുകളാണ് പാലാ ബ്ലഡ് ഫോറവുമായി സഹകരിച്ച് അർച്ചന വിമൻസ് സെന്റർ കോവിഡ് കാലത്ത് സംഘടിപ്പിച്ചിരിക്കുന്നതെന്ന് സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു പറഞ്ഞു.

# ഓറിയന്റേഷൻ ക്ലാസ് – ജലജീവൻ




കുറവിലങ്ങാട്: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും ധനസഹായത്തോടെ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നിർവ്വഹണ സഹായ ഏജൻസിയായ അർച്ചന വിമൻസ് സെന്റർ ഏറ്റുമാനൂരിന്റെ നേതൃത്വത്തിൽ കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കും സാമൂഹ്യ, രാഷ്ട്രീയ നേതാക്കന്മാർക്കുമായി കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് പദ്ധതി വിശദീകരണ ക്ലാസ് നടത്തി. അർച്ചന വിമൻസ് സെന്റർ ജെ.ജെ.എം ടീം ലീഡർ പി.ജെ വർക്കി ക്ലാസ് നയിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി മത്തായി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഡ്വ. രാജേഷ് ടി വർഗീസ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി.സി കുര്യൻ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അൽഫോൻസ ജോസഫ്, സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാരായ സന്ധ്യ സജികുമാർ, റ്റെസി സജീവ്, ബേബി ഞണ്ടാകുഴി, ഡാർളി ജോജി, രമാ രാജു, വിനുമോൻ കുര്യൻ, ജോയ്സ് അലക്സ്, ലതിക സാജു, ബിജു ജോസഫ്, ജോസഫ് എം.എം, സാമൂഹ്യ രാഷ്ട്രീയ നേതാക്കന്മാരായ ജോജോ ആളോത്ത്, ബേബി തൈപറമ്പിൽ, സനോജ് മിറ്റത്താനി, ഡോ. റ്റി.റ്റി മൈക്കിൾ, പി.ജി പ്രകാശ്, യു.ഡി മത്തായി എന്നിവർ സംബന്ധിച്ചു.

# ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തി മുട്ടഗ്രാമം പദ്ധതി




കടുത്തുരുത്തി: ഒബ്ളേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ അതിജീവനം 2021 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തി മുട്ടഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചു. മുട്ടഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.വി സുനിൽ നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൈനമ്മ സാജു മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് വൈസ് പ്രസിഡന്റ് നയന ബിജു, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജിൻസി എലിസബത്ത്, വാർഡ് മെമ്പർമാരായ രശ്മി വിനോദ്, ലൈസമ്മ മുല്ലക്കര, കിസാൻ സർവ്വീസ് സൊസൈറ്റി നാഷണൽ സെക്രട്ടറി സുരേഷ് എസ്, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി തുടങ്ങിയവർ പ്രസംഗിച്ചു. ജോയ്സ് മാത്യു, ജിബിൻ ജോഷി, സാലിമോൾ ജോസഫ്, അമല മാത്യു, അശ്വതി വിജയൻ, ജ്യോതിമോൾ റ്റി.കെ, ഗിരിജ കെ.ആർ, ബിൻസി ബിജു, ആശ ജോസഫ്, ആശ ജിജി, ബിന്ദു ബാബു, ബോബി ഷിനോജ്, ആൻഡ്രൂസ് ജോൺസൺ, അർജുൻ അരുൺ, ജോമി ഫ്രാൻസി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

നിങ്ങളുടെ സ്വപ്ന ഭവനം അർച്ചനയിലൂടെ...

അർച്ചന
കൺസ്ട്രക്ഷൻസ്
ഏറ്റുമാനൂർ

വിവിധ ഡിസൈനുകളിൽ നിങ്ങളുടെ ബഡ്ജറ്റിനിണങ്ങിയ
കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നു
എല്ലാവിധ നിർമ്മാണ ജോലികളും
അർച്ചന കൺസ്ട്രക്ഷന്റെ കുടക്കീഴിൽ

പ്ലാൻ • എസ്റ്റിമേഷൻ • ലൈസൻസ് വർക്കുകൾ • ഇന്റീരിയർ വർക്കുകൾ
ഇലക്ട്രിക്ക് വർക്കുകൾ • പ്ലംബിംഗ് വർക്കുകൾ • പെയിന്റിംഗ് വർക്കുകൾ
ടൈൽസ് വർക്കുകൾ • കബോർഡ് വർക്കുകൾ • മോഡുലാർ കിച്ചൺ വർക്കുകൾ
വെൽഡിംഗ് വർക്കുകൾ • ഫർണിച്ചർ വർക്കുകൾ
ചിലവ് കുറച്ച ഭവന നിർമ്മാണം • മെയിന്റനൻസ് വർക്കുകൾ
പ്രളയബാധിത മേഖലകളിലെ നിർമ്മാണം • എ സി സി ബ്ലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണം



ബാങ്ക് ലോൺ സൗകര്യം ലഭ്യമാണ്...
7994725072, 7012531106

സഹയാത്രിക
വാർത്താപത്രിക

# ദുരിത മേഖലയ്ക്ക് ആശ്വാസവുമായി ഇവർ...




ഏറ്റുമാനൂർ: ഒബ്ളേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെയും നാഷണൽ എൻ.ജി.ഒ ഫെഡറേഷന്റേയും നേതൃത്വത്തിൽ ഉരുൾപൊട്ടലിലും പ്രളയക്കെടുതിയിലും നാശനഷ്ടം സംഭവിച്ച കൂട്ടിക്കൽ, കൊക്കയാർ, മേലോരം, അഴങ്ങാട് പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് നിത്യോപയോഗ സാധനങ്ങൾ, ഫുഡ്കിറ്റ്, വസ്ത്രങ്ങൾ, പച്ചക്കറി കിറ്റ് തുടങ്ങിയവ വിതരണം ചെയ്തു. മിസ് ത്രേസ്യാമ്മ മാത്യുവിന്റെ നേതൃത്വത്തിൽ അർച്ചനയുടെ വിവിധ കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പുകളുടെ സംരംഭങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾ ആണ് ക്യാമ്പുകളിൽ വിതരണം ചെയ്തത്. അസി.ഡയറക്ടർ മിസ്. ആനി ജോസഫ്, ജീവൻ സമൃദ്ധി കോർഡിനേറ്റർ മിസ് മറിയാമ്മ ജോസഫ്, ട്രസ്റ്റ് മെമ്പർ ഏലിയാമ്മ തോമസ്, മുകുന്ദൻ കെ, അനന്തു കൃഷ്ണൻ, ബിനോയി നന്ദൻ, പി.കെ ജയശ്രി, ഷൈനി ജോഷി, ജെസി ജെയ്, അമല മാത്യു, ഡയാന ദേവസ്യാ, പോൾസൺ കൊട്ടാരത്തിൽ, ജസ്റ്റിൻ പി.തോമസ്, ജോയിസ് മാത്യു തുടങ്ങിയവർ പങ്കെടുത്തു.



# പ്രണയച്ചതിക്കൊലകൾക്കെതിരേ പ്രതിക്ഷേധ ജ്വാലയുമായി അർച്ചന...

ഏറ്റുമാനൂർ: ഒബ്ളേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ സാമൂഹിക ക്ഷേമ വിഭാഗമായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ പാലായിൽ ദാരുണമായി കൊല ചെയ്യപ്പെട്ട പെൺകുട്ടി ആകണം അവസാനത്തേത് എന്ന ഉദ്ദേശത്തോടെ പ്രണയച്ചതിക്കൊലകൾ അവസാനിപ്പിക്കുക എന്ന മുദ്രാവാക്യവുമായി പന്തം കൊളുത്തി പ്രതിക്ഷേധം നടത്തി. അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു പരിപാടിക്ക് നേതൃത്വം നൽകി സംസാരിക്കുകയും കേരളത്തിൽ സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തണമെന്നും നിയമ വ്യവസ്ഥകൾ അതിനുതകുന്ന രീതിയിൽ പരിവർത്തനം ചെയ്യണമെന്നും സ്ത്രീകൾക്കെതിരെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അതിക്രമങ്ങൾ കാലതാമസം വരാതെ നീതി നടത്തണമെന്ന ആവശ്യം ഉന്നയിച്ചു സംസാരിക്കുകയും ചെയ്തു. ആസി.ഡയറക്ടർ ആനി ജോസഫ്, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, ഓഫീസ് സൂപ്രണ്ടന്റ് ജയിനമ്മ സെബാസ്റ്റ്യൻ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, ടെക്നിക്കൽ മാനേജർ ജയശ്രീ പി.കെ, സെക്രട്ടറി ശ്രുതി സുജേഷ് തുടങ്ങിയവർ സംസാരിച്ചു.

# തെരുവ് നാടകാവിഷ്കാരം




വാഗമൺ : അർച്ചന വിമൻസ് സെന്ററിന്റെ ഇടുക്കി വാഗമൺ റീജിയണൽ ഓഫീസിന്റെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിലായി നേർക്കാഴ്ച്ച തെരുവു നാടകാവിഷ്ക്കാരം നടത്തപ്പെട്ടു. അർച്ചന വിമൻസ് സെന്റർ സീനിയർ പ്രോഗ്രാം ഓഫീസർ ശ്രീമതി ഷൈനി ജോഷിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വാഗമൺ സബ് ഇൻസ്പെക്ടർ പ്രദീപ് കുമാർ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. വിവിധ സ്ഥലങ്ങളിൽ തെരുവ് നാടകാവിഷ്കാരം നടത്തി. വിവിധ സി.എ.ജി കളിൽ നിന്നായി 180 ഓളം അംഗങ്ങൾ പങ്കെടുത്തു.

We are offering professional and affordable disinfection services

Office, Apartment, School, Church, Temple, Vehicles, Public place

9072163750



Archana Disinfection Service

Sanitizing, Fogging - Quick and safe

# കോവിഡാണു താരം

പാന്ഥാവ് നിറയുന്നു വീണ്ടും തിരക്കോടെ
വണ്ടികൾ തിങ്ങീ നിറഞ്ഞൂ..
മൂടുപടമിടവിടാതാലസ്യമൊഴിയാതെ
ഒരു ചിരി നൽകാതലഞ്ഞൂ, നമ്മൾ
ഒരു വാക്ക് പറയാതെ നീങ്ങീ...
    ജീവിത ചക്രത്തെ കൂട്ടിമുട്ടിക്കുവാൻ
    ജീവശ്വാസത്തെ മറന്നൂ, കോവിഡോ -
നോക്കി ചിരിപ്പൂ നിശബ്ദം...
നിണമില്ല, നിറമില്ല, മണമില്ല, ഗുണമില്ലാ..
പേടിപ്പെടുത്തുന്ന രൂപമില്ല..
കാതു തുളയുന്ന ധ്വനിയില്ല, തീക്കനൽ ചൂടില്ല
മഞ്ഞില്ല, മഴപോലെ വെള്ളമില്ല...
    എങ്കിലും..പേടിയാണിന്നു നിൻ പേരു പോലും
    അഹാ വ്യാധിയാണത്രേ നിശബ്ദം (2)
വൃദ്ധ ജനങ്ങളെയടച്ചു പൂട്ടാനായി
വൃദ്ധസദനങ്ങൾ മോടി കൂട്ടി...
ഒറ്റപ്പെടുത്തുന്ന വേദന അറിയുവാൻ
മുറിയിൽ അടച്ചുവോ ഞങ്ങളെ നീ...
തീണ്ടാ ജന്മമായ് മാറ്റിയോ നീ...
    ഓണവും ക്രിസ്മസും വലിയ പെരുന്നാളും
    മുറിയിൽ അകപ്പെട്ടു കൂടിയോ നാം..
ഒരു ചിരി കാണാതെ ഒന്നു തലോടാതെ...
ഉള്ളാലനുഗ്രഹം മാത്രമായി..
    സ്വയംവര പന്തലും മരണവീടും പോലും
    മോടി കൂട്ടിത്തകർത്താടി നമ്മൾ (എങ്കിലും...)
ഗുരുമുഖം കാണാതെ, കൂട്ടൊന്നു കൂടാതെ
പങ്കുവെപ്പറിയാത്ത പിഞ്ചുബാല്യം
ശണ്ഠ കൂടീടാതെ, മത്സരം വക്കാതെ
കഥകൾ പറയാതെ ഫോണിനുള്ളിൽ
നേരിട്ടൊരു നല്ല ശാസന നൽകാതെ
തൊട്ടു തലോടാതെ ഗുരുഭൂതരും
വടിയൊന്നെടുക്കാതെ, കണ്ണുരുട്ടാതൊരു
ശിക്ഷണം പോലും നൽകിടാതെ
ഇന്ന് വീടിന് പല രൂപം പഠനമുറി ഓഫീസ്
തീൻമേശ കണ്ടാലോ ഹോട്ടൽ പോലെ
വീടിന്ന് ജോലി സ്ഥലമായി, പാർക്കായി
വിദ്യ നേടാൻ വിദ്യാലയമായ്...
    ചിലവേറി, അളവേറി, അടുക്കളയിലാളായി
    പൂക്കൾ വിരിഞ്ഞിന്നു മുറ്റങ്ങളിൽ...
    പ്രകൃതി മാതാവോ ചിരിക്കുന്നു നിശബ്ദം
    സുന്ദരമായി തിളങ്ങി നിൽപ്പൂ (എങ്കിലും...)
നിന്നെ തടയാൻ മരുന്നു കിട്ടാനായി
നെട്ടോട്ടമോടുന്ന മർത്യജന്മം
നിയമപാലർ വടിയേന്തുന്നു കർക്കശം
കോവിഡേ നിന്നെ തുരുത്തുവാനായ്
ഇരവിനെ പകലാക്കി ജീവശ്വാസം നൽകി
ഇടവിതാതലയുന്നിതാരോഗ്യ മേഖല..
    കടമൊഴിയാതെ പണിക്കിറങ്ങീടാതെ
    ഒരു തുണ്ടു കയറിലെ ജീവിതങ്ങൾ
    ഒരു ചുംബനം പോലും നൽകിടാനാവാതെ
    അവസാന യാത്രയും ചൊല്ലിടുമ്പോൾ
    ഇവിടെയും നീ പറയാതെ പറയുന്നു
    ജീവനുള്ളപ്പോൾ കൊടുക്കിതൊക്കെ
ആനയില്ലമ്പാരിയില്ല നിലങ്ങളിൽ
കാതടപ്പിക്കും പടക്കമില്ല
ചിന്തിക്കടയിലെ കുപ്പിവളയില്ല..
അംബരം ചുറ്റും ബലൂണുമില്ല
തെരുവു നായ്ക്കളും കാക്കയും കിളികളും
പൂരപ്പറമ്പിൽ വിലസിടുന്നു
    ആറ്റുനോറ്റിട്ടിന്നു വാങ്ങിയ ബസുകൾ
    മണിനാദമില്ലാത്ത ജീവശ്ചവം
    ജോലി പോയവർ, പോവാതിരിക്കുവാൻ നാടിനെ
    നാളുകളായിട്ടുപേക്ഷിച്ചവർ...
    എവിടെയും നീയാണു രാജാവു പോലിപ്പോൾ
    മിന്നിത്തിളങ്ങി വിലസിടുന്നു...
    (നിണമില്ല... നിറമില്ല)
        (എങ്കിലും...)

കടപ്പാട്:
ജിഷ പി
കറുകപ്പള്ളിൽ
നീറിക്കാട്

അർച്ചന
റൂറൽ മാർട്ട്
സന്ദർശിക്കൂ...
ഗുണമേന്മതിരിച്ചറിയൂ...

പേപ്പർ ബാഗ് ▪ ഓഫീസ് ഫയൽ ▪ തുണി സഞ്ചി ▪ റെക്സിൻ ബാഗ് ▪ കോട്ടൻ ബാഗ്
കരകൗശല ഉൽപ്പന്നങ്ങൾ ▪ നെറ്റിപ്പട്ടം ▪ മെഴുകുതിരി ▪ കുടകൾ ▪ മാങ്ങ അച്ചാർ
നാരങ്ങ അച്ചാർ ▪ നെല്ലിക്ക അച്ചാർ ▪ മീൻ അച്ചാർ ▪ ഇറച്ചി അച്ചാർ ▪ കക്കയിറച്ചി അച്ചാർ
ഈന്തപ്പഴം അച്ചാർ ▪ അരിപ്പൊടി ▪ ഗോതമ്പ് പൊടി ▪ മുളക് പൊടി ▪ മഞ്ഞൾ പൊടി
മല്ലിപ്പൊടി ▪ സാമ്പാർ പൊടി ▪ ഇറച്ചി മസാല ▪ വെളിച്ചെണ്ണ ▪ നാടൻ ശർക്കര ▪ കാപ്പി പൊടി
തേയില ▪ ഹോംമെയ്ഡ് കേക്ക് ▪ ഹോംമെയിഡ് ചോക്ലേറ്റ് ▪ പപ്പടം

ARCHANA'S RURAL MART
NATURAL & HOMEMADE PRODUCTS
JYOTHI JEEVAPOORNA TRUST, ARCHANA WOMEN'S CENTER
Supported By
NATIONAL BANK FOR AGRICULTURE AND RURAL DEVELOPMENT
PH: 0481 2533694, 9496906758, 8281245484
കുറുപ്പന്തറ
PALA ROAD,KURUPPANTHARA

വനിതാദിന ആശംസകൾ

Printed & Published by Director Jyothy Jeevapoorna Trust Archana Womens Centre, Ettumanoor (Private Circulation Only)